ക്കുന്ന സാഹചര്യത്തിൽ അതിൽ പ്രവർത്തിയെടുത്തിരുന്ന ആളുകളെ ഗവണ്മെൻറ് സർവ്വീസിലെടുക്കുക എളുപ്പമുള്ള കാര്യമല്ല. എങ്കിലും കഴിയുമെങ്കിൽ എന്തെങ്കിലും ചെയ്യാൻ ശ്രമിക്കാം.

ആശുപത്രികളിൽ ഔഷധങ്ങൾ ലഭിക്കുന്നില്ലെന്നുള്ള പരാതി

* 31. [53] ശ്രീ. ജെ. കമാലിയാസ് മൊറായിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്തെ ഗവണ്മെൻറ് ആശുപത്രികളിൽ അവശ്യം വേണ്ടതായ ഔഷധങ്ങൾ ലഭിക്കുന്നില്ലെന്നുള്ള പരാതി ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആവശ്യമായ ഔഷധങ്ങൾ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം ?

ആരോഗ്യമന്ത്രി (ശ്രീ. ബി. വെല്ലിംഗ്ടൺ) :

(എ) ഉണ്ട്.

(ബി) പരാതി ലഭിച്ചാൽ ഉടനെതന്നെ അതാതു ഡിസ്ട്രിക്ട് മെഡിക്കൽ സ്റ്റോറിൽനിന്നും മരുന്നു വിതരണംചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരികയാണ് പതിവ്. കൂടാതെ ഡിസ്ട്രിക്ട് സ്റ്റോറുകളിലില്ലാത്ത മരുന്നുകൾ ഉടനെതന്നെ തിരുവനന്തപുരം ഗവണ്മെൻറ് സെൻട്രൽ മെഡിക്കൽ സ്റ്റോറിൽനിന്ന് എത്തിച്ചുകൊടുക്കാറുമുണ്ട്.

ശ്രീ. ജെ. കമാലിയാസ് മൊറായിസ് : ആശുപത്രികളിൽനിന്ന് അനധികൃതമായി മരുന്നുകൾ ചോർത്തിക്കൊണ്ടുപോകുന്നതുകൊണ്ടാണ് ഔഷധമില്ലെന്നുള്ള പരാതി വരുന്നതെന്നുള്ള കാര്യം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : ആശുപത്രികളിൽ മരുന്നില്ലെന്നുള്ള പരാതികൾ പല കാരണങ്ങളാലും വരാം. ഒരുപക്ഷേ ഒരു പ്രത്യേക സുഖക്കേടു് ഉണ്ടാകുമ്പോൾ അതിനുവേണ്ടി സാധാരണ നിലയിൽ സ്റ്റാക്കു ചെയ്തിരുന്ന മരുന്നു് തീർന്നുപോയെന്നു വരാം. ഈ കാര്യത്തെക്കുറിച്ചു് പല സ്ഥാപനങ്ങളിലും ഞാൻ എഴുതിച്ചോദിച്ചിരുന്നു. ഒരു പ്രത്യേക സംഹചര്യത്തിൽ ഒരു ആശുപത്രിയിൽ മരുന്നില്ലെന്നു പരാതികിട്ടിയ ഉടനെ അടിയന്തിരമായി ടെലിപ്രിൻറർ മെസേജു് കൊടുത്തു് കാലിക്കറ്റു് മെഡിക്കൽകോളേജു് പ്രിൻസിപ്പലിൽനിന്നു് വരുത്തിയമറുപടി ഞാൻ ഇവിടെ വായിക്കാം.

Sufficient medicines are available in the hospital. There was some difficulty with regard to the supply of Nitrous Oxide and Oxygen because of non-supply of these gases by the Indian Oxygen, Madras who were the only firm who could supply these items at that time. This difficulty has been removed with the commissioning of the Central supply (bulk supply).

ഓരോ സ്ഥലത്തേയും വിവരങ്ങൾ എത്രവേഗത്തിൽ കിട്ടാൻ കഴിയുമോ അതനുസരിച്ചു് കൈക്കൊള്ളേണ്ടതായ നടപടികൾ ഗവണ്മെൻറു് കൈക്കൊള്ളുന്നുണ്ടു്.

ശ്രീ. എം. ചടയൻ : മലപ്പുറം താലൂക്കാശുപത്രി ഡിസ്ട്രിക്ട് ആശുപത്രിയാക്കി ഉയർത്തിയിട്ടു് അതിനാവശ്യമായ മരുന്നു് ലഭിക്കുന്നില്ലെന്നുള്ള പരാതി വന്നിരിക്കുകയാണു്. ഡിസ്ട്രിക്ട് ആശുപത്രിയായി ഉയർത്തിയ നിലക്കു് ആവശ്യമായ മരുന്നുകൾ ലഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബി. വെല്ലിംഗ്ടൺ : ആശുപത്രിയുടെ പേരു മാറുന്നതുകൊണ്ട് പ്രത്യേക സംവേവികാസമൊന്നും ഉണ്ടാകാൻ പോകുന്നില്ല. ഡിസ്പ്രിക്ട് ആശുപത്രിയെന്ന് ഔദ്യോഗികമായി പ്രഖ്യാപിച്ചിട്ടില്ല. പുതിയ ഡിസ്പ്രിക്ട് നിലവിൽ വന്നതു കൊണ്ട് ഉടനെ മരുന്നില്ലെന്ന പറയുന്നതു ശരിയല്ല. ഒരാശുപത്രിയും ഉടനെ വികസിപ്പിക്കണമെന്ന പറഞ്ഞാൽ സാദ്ധ്യവുമല്ല. വളരെയധികം കാര്യങ്ങൾ ചെയ്യേണ്ടതായിട്ടുണ്ട്.

ശ്രീ. ഒ. കോരൻ : ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ ഉത്തരത്തിൽ ഔഷധങ്ങൾ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമെന്നു പറഞ്ഞു. എന്നാൽ പ്രൈമറി ഹെൽത്ത് സെൻറുകളിൽ സംഖ്യ അലോട്ട ചെയ്തതു തീർന്നുകഴിഞ്ഞാൽ കൂടുതൽ സംഖ്യ അലോട്ട ചെയ്യാറില്ല. പിന്നെ എങ്ങനെയാണു് ആവശ്യത്തിനു മരുന്നു് വാങ്ങുന്നതു് ?

ശ്രീ. ബി. വെല്ലിംഗ്ടൺ : ആവശ്യത്തിനു മരുന്നില്ലെന്നു കണ്ടാൽ ഉടനെതന്നെ സ്പെഷ്യലായിട്ടു വാങ്ങാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. പ്രൈമറി ഹെൽത്ത് സെൻറുകളിലെ ആവശ്യത്തിനുള്ള മരുന്നിനു് പ്രത്യേകം കോട്ട നിശ്ചയിച്ചിട്ടുണ്ട്. അതനുസരിച്ചുമാത്രമേ കൊടുക്കാൻ കഴിയുകയുള്ളു. ഏതെങ്കിലും സ്ഥലത്തു് അത്യാവശ്യത്തിനു മരുന്നില്ലെന്നു ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ എത്തിച്ചു കൊടുക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. 65 മുതൽ കൊടുത്ത മരുന്നിൻെറ കണക്കു് ഞാൻ ഇവിടെ വായിക്കാം.

1965–66–ൽ 57 ലക്ഷം രൂപയുടെ മരുന്നു്
1966–67–ൽ 70 ലക്ഷം രൂപയുടെ മരുന്നു്
1967–68–ൽ 85 ലക്ഷം ആയി വർദ്ധിച്ചു.
1968–69–ൽ 95 ലക്ഷം ആയി വർദ്ധിച്ചു.
1969–70–ൽ 130 ലക്ഷം രൂപയുടെ മരുന്നാണു് വാങ്ങുന്നതു്.

ശ്രീ. ഇ. അഹമ്മദു് : ചില ആശുപത്രികളിൽ പെട്ടെന്നു് അത്യാവശ്യത്തിനു വേണ്ട ചില മരുന്നുകൾ, എ. ടി. എസ്. പോലുള്ളവ ലഭിക്കുന്നില്ല. ഇതിനെ സംബന്ധിച്ചു് ഡിസ്പ്രിക്ട് സർജ്ജൻ ആഫീസർക്കോ മറ്റോ എഴുതിയാൽ അവരുടെ കൈവശം സ്റ്റാക്കില്ലെന്നു പറയും. ഇതു കാരണം രോഗികൾ വളരെയധികം വിഷമിക്കുന്നുണ്ട്. അതുകൊണ്ടു് അതാതു ഡിസ്പ്രിക്ട് മെഡിക്കൽ ആഫീസർമാർക്കു് അത്യാവശ്യത്തിനു വേണ്ടുന്ന മരുന്നുകൾ വാങ്ങാൻ അനുവാദം കൊടുക്കാമോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : അതിനു വേണ്ട ഏർപ്പാടുണ്ട്. കാലിക്കട്ടു് മെഡിക്കലാശുപത്രി പ്രിൻസിപ്പാളിൻെറ കത്തിലെ പ്രസക്തഭാഗം ഞാൻ വായിക്കാം. സാധാരണ രോഗികൾക്കു് വെളിയിൽ നിന്നു് മരുന്നു വാങ്ങേണ്ടി വരുന്നതുകൊണ്ടുള്ള ബുദ്ധിമുട്ടിനെപ്പറ്റി എഴുതിച്ചോദിച്ചപ്പോഴാണു് അദ്ദേഹം ഈ കത്തു് അയച്ചതു്.

No. Poor patients are not made to buy medicines from outside. If a particular drug is not available in the hospital for any deserving patient that drug is purchased locally and supplied. ഇതിനുള്ള നിർദ്ദേശം ഗവണ്മെൻറു് കൊടുത്തിട്ടുണ്ട്. ഡോക്ടർമാർ അങ്ങനെ ചെയ്യുന്നുണ്ടു്.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാടു്) : കേരളത്തിലെ മിക്കവാറും ആശുപത്രികളിൽ മരുന്നു കിട്ടുന്നില്ലെന്നുള്ള പരാതി നിലവിലിരിക്കെ ബഹുമാനപ്പെട്ട മന്ത്രി കൊല്ലത്തു വച്ചു് ഇതിനെപ്പറ്റി അന്വേഷിക്കാൻ ഒരു കമ്മിറ്റിയെ നിയമിക്കുന്നതാണെന്നു പ്രസ്താവിച്ചതായി കണ്ടു. എങ്ങനെയാണു് അന്വേഷിക്കാൻ ഉദ്ദേശിക്കുന്നതു് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബി. വെല്ലിംഗ്ടൺ : ഇന്നു് ചില സ്ഥലങ്ങളെ സംബന്ധിച്ചിടത്തോളം ഇതൊരു പ്രചരണമായിരിക്കുകയാണു്. ഞാൻ ഈയിടെ ഒരു സ്ഥലത്തു് ചെന്നപ്പോൾ അവിടെ ഒരു ഹെൽത്ത് സെൻററിൽ ഒരു കുട്ടി ചിറ്റും പിടിച്ചുകൊണ്ടു നിൽക്കുന്നതും കുറെ ആളുകൾ പുറത്തു കൂടിനിന്നു് സഹതപിക്കുന്നതും കണ്ടു് ഞാൻ കാര്യമന്വേഷിച്ചിട്ടു് ചിറ്റു വാങ്ങി നോക്കി. എറണാകുളം ഡിസ്ട്രിക്ടിൽ ആശുപത്രിയിൽ ആപ്പറേഷൻ കഴിഞ്ഞു് പോയപ്പോൾ ആവശ്യമായ മരുന്നും കൊടുത്തു് അതു തീരുമ്പോൾ വാങ്ങി കഴിക്കാൻ ചിറ്റും എഴുതികൊടുത്തു, ആ ചിറ്റായിരുന്നു അതു്. ആ ചിറ്റു് പ്രൈമറി ഹെൽത്ത് സെൻററിൽ നിന്നു് എഴുതിക്കൊടുത്തതാണെന്നു പറഞ്ഞതു് കളവായിരുന്നു. ഞാൻ മരുന്നു വാങ്ങാനുള്ള കാശും കൊടുത്തിട്ടാണു് പോന്നതു്. എല്ലാ ആളുകൾക്കും ചിറ്റാണു് എഴുതികൊടുക്കുന്നതെന്നുള്ള ഒരു പ്രചരണം നടത്തുന്നു എന്നു് ചില സ്ഥലങ്ങളിൽ നിന്നു മനസിലാക്കൻ കഴിഞ്ഞിട്ടുണ്ടു്. ചില സ്ഥലങ്ങളിൽ മരുന്നില്ലെന്നുള്ള പോരായ്മ ഉണ്ടെന്നു അംഗീകരിക്കാം. ഇതിനു് ഒരു വിദഗ്ദ്ധ കമ്മിറ്റിയെ നിയമിക്കാൻ ആലോചിക്കുന്നുണ്ടു്. വിദഗ്ദ്ധ കമ്മിറ്റി ഡാക്ടർമാരുടെയും, വിദഗ്ദ്ധന്മാരുടെയും സഹായത്തോടുകൂടി കഴിയുന്നത്ര രാഷ്ട്രീയപാർട്ടികളുടെ പ്രതിനിധികളും ഉൾപ്പെടുന്നതായിരിക്കണമെന്നു തീരുമാനിച്ചു് അതിനുള്ള നടപടികളും നടത്തിക്കൊണ്ടിരിക്കുകയാണു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ബഹുമാനപ്പെട്ട മന്ത്രി ചെല്ലുമ്പോൾ ഒരുപക്ഷേ ചിറ്റുമായി നിന്നേക്കാം. എങ്കിലും പല ആശുപത്രികളിലും മരുന്നു വെളിയിൽ നിന്നു വാങ്ങാൻ പൈസയില്ലാത്ത ആളുകൾക്കു് ചിറ്റെഴുതികൊടുക്കുന്നുണ്ടെന്നും അവർ അതു വാങ്ങാൻ വിഷമിക്കുന്നുണ്ടെന്നും ഉള്ള വസ്തുത മനസ്സിലാക്കി കഴിയുന്നത്ര മരുന്നു് സമയത്തിനു് എത്തിച്ചുകൊടുക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : മന്ത്രി വരുമ്പോൾ ചിറ്റു കൊണ്ടു നിൽക്കുമെന്നു പറഞ്ഞതു് ഒരു ചക്ക വീണപ്പോൾ മുയൽ ചത്തെന്നുവച്ചു് എല്ലാ ചക്ക വീഴുമ്പോഴും മുയൽ ചാകണമെന്നില്ല. എല്ലാ ആശുപത്രികളിലും എല്ലാ ഡാക്ടർമാരും ചിറ്റാണു് കൊടുക്കുന്നതെന്നു പറയുന്നതു് ശരിയല്ല. ഇതേപ്പറ്റി അന്വേഷിക്കാൻ വേണ്ട ഏർപ്പാടുകൾ ചെയ്യുന്നുണ്ടു്.

ശ്രീ. കെ. കരുണാകരൻ : ആശുപത്രികളിൽ മുൻ വർഷത്തെ രോഗികളുടെ എണ്ണം അനുസരിച്ചാണോ അടുത്ത വർഷവും മരുന്നിന്റെ കോട്ട നിശ്ചയിക്കുന്നതു് ?

ശ്രീ. ബി. വെല്ലിംഗ്ടൺ : ഓരോ കൊല്ലവും ചെലവാകുന്ന മരുന്നിന്റെ മൊത്തം കണക്കെടുത്തതിനുശേഷം കുറെ കാണ്ടിറ്റി കൂടി കൂടുതൽ കൊടുക്കാറുണ്ടു്.

ശ്രീ. കെ. കരുണാകരൻ : മരുന്നു് എത്ര കൂട്ടിയാലും ആവശ്യത്തിനു കിട്ടുന്നില്ലെന്നുള്ളതു് യാഥാർത്ഥ്യമാണു്. എന്റെ നിയോജകമണ്ഡലത്തിൽ വെള്ളപ്പൊക്കം കൊണ്ടു് ദുരിതമനുഭവിക്കുന്ന ആളുകളെ ആശുപത്രിയിലേക്കു് കൊണ്ടു പോകാമെന്നു പറഞ്ഞപ്പോൾ ഞങ്ങളെ അവിടെ കൊണ്ടു പോകണ്ടാ അതിനെക്കാളും യമലോകത്തു പോകുന്നതാണു് നല്ലതെന്നു പറഞ്ഞു. കാരണം ആശുപത്രിയിൽ ചെന്നാൽ മരുന്നൊന്നും കിട്ടുകയില്ല. വലിയ തുക ചെലവഴിച്ചു് വാങ്ങുന്ന മരുന്നു് എങ്ങനെയാണു് ചോർന്നു പോകുന്നതെന്നു് അന്വേഷിക്കാൻ ഏർപ്പാടു ചെയ്തിട്ടുണ്ടോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : പല സ്ഥലത്തും പോരായ്മകളുണ്ടു്. ഇല്ലെന്നു ഞാൻ പറയുന്നില്ല. ഈ കാര്യങ്ങൾ അന്വേഷിക്കാൻ ഹെൽത്തു് സർവ്വീസിൽതന്നെ ഒരു വിജിലൻസു് ഡിപ്പാർട്ടുമെൻറുണ്ടു്. ഇതുകൂടാതെ വല്ലതും ചെയ്യുന്നതെങ്കിൽ ഗവണ്മെൻറു് ഓഫ് ഇൻഡ്യയുടെ നിയമങ്ങളിൽ ഭേദഗതി വരുത്തിയെങ്കിലേ സാധിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. കെ. ശേഷൻ : ആവശ്യമായ മരുന്നുകളും കിട്ടാത്തതുകൊണ്ട് രോഗികളും മരണവിധേയമായി എന്നുള്ള അനുഭവത്തെ മുൻനിറുത്തി ഇത്തരം അത്യാവശ്യമരുന്നുകളും വാങ്ങാൻ ഇന്നുള്ള നടപടിക്രമങ്ങളിൽ വല്ല ഭേദഗതിയും ചെയ്ത് ഡിസ്ട്രിക്റ്റ് മെഡിക്കൽ ആഫീസറോ, അല്ലെങ്കിൽ സബ്ഡിവിഷണൽ ആഫീസറോ താൽക്കാലികമായി വാങ്ങി രോഗികൾക്കു നൽകാൻ വേണ്ട തൽക്കാല നിർദ്ദേശം നൽകുന്നതിനെപ്പറ്റി ആലോചിക്കുമോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : ബഹുമാനപ്പെട്ട മെമ്പറുടെ പ്രസ്താവന വളരെ ഖേദകരമായിപ്പോയി. മരുന്നുകളും കിട്ടാതെ വളരെയധികം മരണങ്ങളും നടക്കുന്നുണ്ടെന്നരീതിയിൽ പറയുന്നതു് ശരിയല്ല. അതു ഞാൻ നിഷേധിക്കുകയാണു്. ചുരുക്കം ചില സംഭവങ്ങളും ഉണ്ടായി എന്നുവരാം ഇന്നുതന്നെ അത്യാവശ്യമരുന്നുകളും ഇല്ലെന്നുവന്നാൽ ഓരോ സ്ഥാപനത്തിലേയും ഡോക്ടർതന്നെ ഒരു പ്രത്യേക പരിധി വച്ചുകൊണ്ടു് മരുന്നുവാങ്ങാനുള്ള അനുവാദം കൊടുത്തിട്ടുണ്ടു്.

ശ്രീ. എൻ. കെ. ശേഷൻ : തൃശ്ശൂർ ഡിസ്ട്രിക്റ്റ് ആശുപത്രിയിൽതന്നെ വളരെ പ്രധാനപ്പെട്ട മരുന്നു് കിട്ടാത്തതുകൊണ്ടു്, ഓക്സിജൻ കിട്ടാത്തതുകൊണ്ടു് ബുദ്ധിമുട്ടു് ഉണ്ടായിട്ടുണ്ടു്. ഞാൻ ജനറലായിട്ടു പറഞ്ഞതാണു്.

ശ്രീ. ബി. വെല്ലിംഗ്ടൺ : ഓക്സിജന്റെ കാര്യം പറഞ്ഞു. കാലിക്കട്ടു് പ്രിൻസിപ്പാളിന്റെ മറുപടിയിൽതന്നെ മദ്രാസിലുള്ള കമ്പനിയിൽനിന്നു് അതു് കിട്ടുന്നതിനു് എന്തോ തകരാറു് ഉണ്ടായിട്ടുള്ളതായിപറഞ്ഞിട്ടുണ്ടു്.

ശ്രീ. വി. എസ്. അച്യുതാനന്ദൻ : കൊല്ലംതോറും മരുന്നുകളും പുതുതായി വാങ്ങിയതിന്റെ ലിസ്റ്റു് ബഹുമാനപ്പെട്ട മന്ത്രി വായിച്ചു. എന്നാൽ തിരുവനന്തപുരത്തും കോട്ടയത്തും കോഴിക്കോട്ടും മെഡിക്കൽ കോളേജു് ആശുപത്രികളിൽ മരുന്നു സപ്ലൈ വർദ്ധിപ്പിച്ചപ്പോഴും ആലപ്പുഴ മെഡിക്കൽകോളേജു് ആശുപത്രിയിൽ മാത്രം അതുപോലെ വർദ്ധിപ്പിച്ചിട്ടില്ല. ഡിസ്ട്രിക്റ്റു് ആശുപത്രികൾക്കു് അനുവദിച്ച കോട്ടമാത്രമേ ഇന്നും അവിടെ അനുവദിച്ചിട്ടുള്ളു എന്നു കാണുമ്പോൾ ഇങ്ങനെ ഒരു വിവേചനം നടക്കുന്നുണ്ടെന്നുള്ള വസ്തുത ബഹുമാനപ്പെട്ട മന്ത്രിക്കു ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു് ആലപ്പുഴ ഡിസ്ട്രിക്റ്റിലെ കാര്യമാണു്. അവിടെ അങ്ങനെ ഒരു തകരാറു സംഭവിച്ചുപോയി അവിടെ ഇപ്പോൾ രണ്ടു് ലക്ഷം രൂപയുടെ മരുന്നു് അധികമായി കൊടുക്കാനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ടു്.

ശ്രീ. പി. വി. ഏബ്രഹാം : നമ്മുടെ ആശുപത്രികളിൽ കാണുന്ന മരുന്നുകളുടെ പുറത്തു് 'ഗവണ്മെന്റു് യൂസ്' എന്നു് സീൽ കുത്താറുണ്ടോ ; അങ്ങനെ സീൽ കുത്തിയിട്ടുള്ള മരുന്നുകളും ഏതെങ്കിലും പിടിച്ചെടുത്തിട്ടുണ്ടോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : മരുന്നുകളുടെ പാക്കേജുതന്നെ പ്രത്യേകമാണു്. പോരെങ്കിൽ പുതിയ സീൽ കുത്താൻ നിർദ്ദേശം കൊടുത്തിട്ടുമുണ്ടു്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : ഗവണ്മെന്റു് സീൽ അടിച്ചിട്ടുള്ള മരുന്നുകളും വിൽക്കുന്നതു് പിടിച്ചെടുക്കാനുള്ള നിയമനിർമ്മാണം നടത്തണമെന്നു് ഈ ഗവണ്മെന്റു് കേന്ദ്രഗവണ്മെന്റിനോടു് ആവശ്യപ്പെട്ടിട്ടുണ്ടോ ? ഇല്ലെങ്കിൽ അങ്ങനെ ആവശ്യപ്പെടുമോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : ആവശ്യപ്പെട്ടിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly